## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** — **09-10-2024 - ൽ മറുപടിയ്ക്ക്**

### കേരളോത്സവം ആകർഷകമാക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരളോത്സവം കൂട്ടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്ക നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയായ കേരളോത്സവം നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാ - കായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുന്നു. കേരളോത്സവം കൂട്ടുതൽ ആകർഷകമാക്കുന്നതിനും ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി മറ്റ് മത്സരങ്ങൾക്കു പുറമെ ട്വന്റി-ട്വന്റി ക്രിക്കറ്റ് മത്സരം സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്നു. കൂടാതെ, കേരളോത്സവത്തിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി മത്സരങ്ങളിൽ വ്യക്തിഗതമായും ക്ലബ്ബുകളുടെ പേരിലും പങ്കെടുക്കുന്നതിന് മത്സരാർത്ഥികൾക്ക് അവസരം നൽകുന്നു. കലാ - കാ യിക മത്സരങ്ങളിൽ ഏറ്റവും കൂട്ടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് ബ്ലോക്ക്തലം മുതൽ സംസ്ഥാനതലം വരെ ക്യാഷ് അവാർഡും നൽകുന്നുണ്ട്. |
| (ബി) | സംസ്ഥാന തലത്തിൽ മത്സര വിജയികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള പ്രോത്സാഹനം ലഭിക്കുന്ന തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന തലത്തിൽ മത്സര വിജയികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള പ്രോത്സാഹനം ലഭ്യമാക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കേരളോത്സവത്തിൽ കൂട്ടുതൽ യുവജനങ്ങളെ പങ്കെടുപ്പിക്കുന്നതിന് എന്തൊക്ക നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | കേരളോത്സവം കൂട്ടുതൽ ആകർഷകമാക്കുന്നതിനും യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി മറ്റ് മത്സരങ്ങൾക്കു പുറമെ ട്വന്റി - ട്വന്റി ക്രിക്കറ്റ് മത്സരം സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്നു. കൂടാതെ, കേരളോത്സവത്തിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി മത്സരങ്ങളിൽ വ്യക്തിഗതമായും ക്ലബ്ബുകളുടെ പേരിലും പങ്കെടുക്കുന്നതിന് മത്സരാർത്ഥികൾക്ക് അവസരം നൽകുന്നു. കലാ - കായിക മത്സരങ്ങളിൽ ഏറ്റവും |

| | | | |
|---|---|---|---|
| | | | കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് ബ്ലോക്ക്തലം മുതൽ സംസ്ഥാനതലം വരെ ക്യാഷ് അവാർഡും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ